# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**22/02/2026** **STD - IX** **മാർക്ക് – 50**

**10.30am - 12.30pm** **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** **1X10=10**

| | | |
|---|---|---|
| * ഈശോമിശിഹാ | * കൂദാശകൾ | * വി. ആഗസ്തീനോസ് |
| * രോഗാവസ്ഥ | * വി. കൊച്ചുത്രേസ്യ | * മരണം |
| * മക്കൾ | * രക്ഷകൻ | * സൂനാറ |
| * ജനനം | * വി. കുർബാന | * സൂബാറ |
| * അഭിഷിക്തൻ | * ജോൺ പോൾ രണ്ടാമൻ പാപ്പ | * ബെനഡിക്ട് പതിനാറാം പാപ്പ |

1. പരിശുദ്ധാത്മാവിനെ നമുക്ക് പ്രദാനം ചെയ്യുന്ന രക്ഷാകരമായ അടയാളങ്ങളെ വിളിക്കുന്ന പേര്?
2. മാമ്മോദീസാ സ്വീകരിക്കുവാനുള്ള വ്യക്തിയെ ജലത്തിൽ മുക്കുന്നത് മിശിഹായോടൊത്തുള്ള എന്തിനെ സൂചിപ്പിക്കാനാണ്?
3. സഭയേയും സഭാംഗങ്ങൾ എല്ലാവരേയും ഏകശരീരമാക്കി മാറ്റുന്നത് എന്താണ്?
4. ദൈവത്തിന്റെ പക്കലേക്ക് തിരിയാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന സന്ദർഭം ഏത്?
5. ദൈവത്തിന്റേയും മനുഷ്യരുടേയും ഇടയിലുള്ള ഏക മദ്ധ്യസ്ഥൻ ആര്?
6. സുറിയാനി ഭാഷയിൽ 'അറിയിപ്പുകളുടെ കാലം' എന്നർത്ഥം വരുന്ന പദം ഏത്?
7. മിശിഹാ എന്ന സുറിയാനി വാക്കിന്റെ അർത്ഥം എന്ത്?
8. 'പരിശുദ്ധ കുർബാന ആഴത്തിൽ വിശ്വസിക്കേണ്ടതും ഭക്തിയോടെ പരികർമ്മം ചെയ്യേണ്ടതും തീക്ഷണതയോടെ ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതുമാണ്.' ആരുടെ വാക്കുകൾ?
9. ദമ്പതികളുടെ അലൗകിക സ്നേഹത്തിന് ദൈവം നൽകുന്ന അനർഘ സമ്മാനം എന്താണ്?
10. "സത്പ്രവൃത്തികളുടെ തുടക്കം ദുഷ്‌വൃത്തികളുടെ ഏറ്റുപറച്ചിലാണ്." ആരുടെ വാക്കുകൾ?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **1X5=5**

11. ഒരു വ്യക്തിയുടെ പാപം അവനിൽ ഉളവാക്കുന്ന നാല് തരത്തിലുള്ള തകർച്ചകൾ ഏതെല്ലാം?
12. എന്താണ് ദൈവജനത്തിന്റെ പൊതുപൗരോഹിത്യം?

13. കൃപാവരം എന്നാൽ എന്ത്?

14. എന്താണ് തൈലാഭിഷേകം?

15. എന്താണ് മനസ്താപത്തിന്റെ കാതൽ?

**C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **2X3=6**

16. എന്താണ് വിവാഹമെന്ന കൂദാശ? വിവാഹമെന്ന കൂദാശയുടെ ലക്ഷ്യങ്ങൾ ഏവ?

17. ആരാധനാവത്സരത്തിലെ വിവിധ കാലങ്ങളും അവ സൂചിപ്പിക്കുന്ന രക്ഷാകര സംഭവങ്ങളും ഏവ?

18. ഈശോ അടിസ്ഥാന കൂദാശയായി വർത്തിക്കുന്നത് എങ്ങനെ?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

19. ജപമാലയിലെ മഹിമയ്ക്കടുത്ത ദിവ്യരഹസ്യങ്ങളിലെ മൂന്നാമത്തെ രഹസ്യം എഴുതുക.

20. ദനഹാ എന്ന വാക്കിന്റെ അർത്ഥം എന്ത്?

21. വചനം പൂർത്തിയാക്കുക. റോമാ 5:4, "കഷ്ടത സഹനശീലവും .........."

22. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'പുഞ്ചിരിക്കുന്ന ഈശോ' എന്താണ് നമ്മോട് പറയുന്നത്?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

23. പൗരോഹിത്യം ഒരു മഹത്തായ ദൈവവിളിയാണ്. ദൈവം മനുഷ്യരുടെ മുമ്പിൽ വയ്ക്കുന്ന വ്യക്തിയാണ് പുരോഹിതൻ; ഒപ്പം സഭ ദൈവത്തിന്റെ മുൻപിൽ വയ്ക്കുന്നവനും. ഈ പുരോഹിതന് കൃത്യമായ ചില ധർമ്മങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ട്. 'തിരുപ്പട്ടം' എന്ന പാഠഭാഗത്തെ ആസ്പദമാക്കി പൗരോഹിത്യധർമ്മങ്ങളെക്കുറിച്ച് വിവരിക്കുക.

24. വിശുദ്ധ മദർ തെരേസയും വിശുദ്ധ ഡോൺ ബോസ്കോയും വിശുദ്ധ കുർബാന ജീവിക്കേണ്ട രഹസ്യമാണെന്ന് മനസ്സിലാക്കിത്തന്നവരാണ്. 'വിശുദ്ധ കുർബാന: ജീവിക്കേണ്ട രഹസ്യമാണ്' എന്നത് ഉപപാഠത്തെ ആസ്പദമാക്കി വിവരിക്കുക.

| | |
|---|---|
| 25. ഇന്റേണൽ അസസ്സ്മെന്റ്: | **15** |
| മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | |

# STD IX

## A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽ നിന്ന് എടുത്തു എഴുതുക 1X10=10

1. കൂദാശകൾ (പാഠം 9/ പേജ് 70/പാര 2)
2. മരണം (പാഠം 10/ പേജ് 77-78)
3. വി. കുർബാന (ഉപപാഠം 8/ പേജ് 25/Point 1)
4. രോഗാവസ്ഥ (പാഠം 11/ പേജ് 88/പാര 1)
5. ഈശോമിശിഹാ (പാഠം 12/ പേജ് 92/പാര 1).
6. സൂബാറ (പാഠം 14/ പേജ് 106/പാര 2)
7. അഭിഷിക്തൻ (പാഠം 10/ പേജ് 80/പാര 2)
8. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ (ഉപപാഠം 9/ പേജ് 28/ Box)
9. മക്കൾ (പാഠം 13/ പേജ് 102/പാര 1)
10. വി. ആഗസ്തീനോസ് (പാഠം 11/ പേജ് 86/ Line 8)

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

11. പാഠം 11/ പേജ് 85/പാര 3
    പാപം വഴി ദൈവവും മനുഷ്യനുമായുള്ള പിതൃപുത്രബന്ധം ഉലയുന്നു; സഹോദരങ്ങളോടുള്ള ബന്ധം ശിഥിലമാകുന്നു; തന്നോടുതന്നെയുള്ള ബന്ധവും പ്രപഞ്ചത്തോടുള്ള ബന്ധവും വികലമാക്കപ്പെടുന്നു.
12. പാഠം 12/ പേജ് 92/പാര 2
    മാമ്മോദീസായിലൂടെ ഓരോ വ്യക്തിയും ഈശോയുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്നു. ഇതാണ് ദൈവജനത്തിന്റെ പൊതുപൗരോഹിത്യം.
13. പാഠം 9/ പേജ് 72/പാര 3
    ദൈവമക്കളാകാനുള്ള തന്റെ വിളിക്ക് പ്രത്യുത്തരം നൽകാൻ ദൈവം നൽകുന്ന ആനുകൂല്യമാണ്, സൗജന്യപരമായ സഹായമാണു കൃപാവരം.
14. പാഠം 10/ പേജ് 80/പാര 1
    മാമ്മോദീസയിലൂടെ പരിശുദ്ധാത്മാവിൽ വീണ്ടും ജനിച്ച് ദൈവമക്കളായി തീർന്ന നമുക്ക് മിശിഹായുടെ സുവിശേഷം പ്രഘോഷിക്കുന്നതിനും അവിടുത്തേക്ക് സാക്ഷ്യം വഹിക്കുന്നതിനും ആവശ്യമായ പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ശക്തിയും വരങ്ങളും നൽകുന്ന കൂദാശയാണ് തൈലാഭിഷേകം.
15. പാഠം 11/ പേജ് 87/പാര 2
    പാപത്തിന്റെ വഴികളെ പൂർണ്ണമായും ഉപേക്ഷിച്ച് ഈശോയുടെ വഴിയിലേക്ക് തിരിച്ചുവരാനുള്ള മനോഭാവമാണ്.

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

16. പാഠം 13/ പേജ് 99/പാര 3 & പേജ് 101/പാര 3

    പരസ്പരം അതിരുകളില്ലാതെ സ്നേഹിച്ചുകാണ്ട്...... ആവശ്യമായ കൃപാവരം നല്കുന്ന കൂദാശയാണ് വിവാഹം.
    വിവാഹമെന്ന കൂദാശയുടെ ലക്ഷ്യങ്ങൾ രണ്ടാണ്- ദാമ്പത്യസ്നേഹവും സന്താനോത്പാദനവും.
17. പാഠം 14/ പേജ് 105/Yellow box

    ഈശോയുടെ ജനനത്തിന് ഒരുക്കമായി......... പിതാവിനു സമർപ്പിക്കുന്ന പള്ളിക്കൂദാശാക്കാലം

18. പാഠം 9/ പേജ് 70-71

മനുഷ്യനായി അവതരിച്ച ഈശോ......... നമ്മെ വിശുദ്ധീകരിച്ചുകൊണ്ടിരിക്കുന്നു.

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ/ ലോഗോ 1X4=4

19. നമ്മുടെ കർത്താവീശോമിശിഹാ, പിതാവായ ദൈവത്തിന്റെ വലതുഭാഗത്തെഴുന്നള്ളിയിരിക്കുമ്പോൾ സെഹിയോൻ ഊട്ടുശാലയിൽ ധ്യാനിച്ചിരുന്ന കന്യകാമാതാവിന്റെമേലും ശ്ലീഹന്മാരുടെമേലും പരിശുദ്ധാത്മാവിനെ അയച്ചുവെന്ന് ധ്യാനിക്കുക. (നമസ്കാരങ്ങൾ പേജ് 21)
20. പ്രത്യക്ഷീകരണം (സത്യദീപം, 2026 ജനുവരി 21)
21. റോമാ 5:4, ''കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യവും, ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു.'' (വചനദീപം, 2025 ഡിസംബർ 7)
22. പുഞ്ചിരിക്കുന്ന ഈശോ: ''അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം'' (മത്തായി 11:28) എന്നു പറയുന്ന ഈശോ, ജീവിതത്തിൽ തകർന്നവർക്കും വിവിധ ആസക്തികൾക്ക് അടിമകളായവർക്കും ജീവിതത്തിന്റ അർത്ഥം നഷ്ടപ്പെട്ട് നിരാശയിലകപ്പെട്ടവർക്കും പ്രത്യാശയേകുന്ന സ്നേഹത്തിന്റെ ആശ്രയമാണ്. (വചനദീപം പേജ് 10)

## E. ഒരു പേജിൽ കുറയാതെ ഉത്തരം എഴുതുക 5X2=10

23. പാഠം 12 തിരുപ്പട്ടം / പേജ് 94-96
    - പൗരോഹിത്യധർമ്മങ്ങൾ
    - പുരോഹിതൻ പഠിപ്പിക്കുന്നവൻ
    - പുരോഹിതൻ വിശുദ്ധീകരിക്കുന്നവൻ
    - പുരോഹിതൻ നയിക്കുന്നവൻ

24. ഉപപാഠം 9 വിശുദ്ധ കുർബാന: ജീവിക്കേണ്ട രഹസ്യമാണ് / പേജ് 28-30

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

16/02/2025
10.30am - 12.30pm

**STD - IX**

മാർക്ക് - 50
സമയം - 2 മണിക്കൂർ

| |
|---|
| **നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക. |

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക (ഏതെങ്കിലും 10 എണ്ണം) 1X10=10**

| | | |
|---|---|---|
| * വി. കുർബാന | * മാർ അപ്രേം | * ഉത്പത്തി പുസ്തകം |
| * തിരുപ്പട്ടം | * ലേവി | * വി. ആഗസ്തീനോസ് |
| * കൃപാവരം | * അഭിഷിക്തൻ | * പരസ്പരവിശ്വസ്തത |
| * യൂദാ | * മക്കൾ | * കൂദാശകൾ |
| * മുൻപിൽ വയ്ക്കപ്പെട്ടവൻ | * ബെനഡിക്ട് പതിനാറാം പാപ്പ | * അപ്രമാണിക ഗ്രന്ഥങ്ങൾ |

1. ദൈവമക്കളാകാനുള്ള തന്റെ വിളിക്ക് പ്രത്യുത്തരം നല്കാൻ ദൈവം നല്കുന്ന ആനുകൂല്യം എന്ത്?
2. 'മിശിഹാ' എന്ന സുറിയാനി വാക്കിന്റെ അർത്ഥം എന്ത്?
3. 'സത്പ്രവൃത്തികളുടെ തുടക്കം ദുഷ്‌വൃത്തികളുടെ ഏറ്റുപറച്ചിലാണ്' എന്ന് പഠിപ്പിച്ചത് ആര്?
4. പുരോഹിതൻ എന്ന വാക്കിന്റെ അർത്ഥം എന്ത്?
5. ദമ്പതികളുടെ അലൗകിക സ്നേഹത്തിന് ദൈവം നല്കുന്ന അനർഘ സമ്മാനം എന്ത്?
6. സ്നേഹനിധിയായ ദൈവം തന്റെ സ്നേഹത്തിന്റെ ആഴം മനുഷ്യവംശത്തിന് ഇന്നും വെളിപ്പെടുത്തുന്ന കൂദാശ ഏത്?
7. പരിശുദ്ധാത്മാവിനെ നമുക്ക് പ്രദാനം ചെയ്യുന്ന രക്ഷാകരമായ അടയാളങ്ങൾ?
8. ദൈവരാജ്യത്തിനായി കുഞ്ഞുങ്ങളെ മുദ്രവയ്ക്കുന്ന കർമ്മമായി മാമ്മോദീസായെ കാണുന്നത് ആര്?
9. രോഗങ്ങളും ദുരിതങ്ങളും മനുഷ്യജീവിതത്തിലേക്കു കടന്നുവന്നത് മനുഷ്യന്റെ പാപത്തിന്റെ ഫലമായാണെന്ന് സാക്ഷ്യപ്പെടുത്തുന്നത് എവിടെ?
10. ആരാധനാശുശ്രൂഷയ്ക്കായി ഇസ്രായേലിൽ നിന്നും ദൈവം പ്രത്യേകം നിയോഗിച്ച ഗോത്രം ഏത്?
11. വിവാഹബന്ധത്തിന്റെ അടിസ്ഥാന ഘടകം എന്ത്?
12. 'വി. കുർബാന വിശ്വസിക്കേണ്ട, ആഘോഷിക്കേണ്ട, ജീവിക്കേണ്ട രഹസ്യമാണ്' എന്ന് പറഞ്ഞത് ആര്?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5**

13. ഈശോ പിതാവിന്റെ കൂദാശയാണ് എന്ന് പറയുന്നത് എന്തുകൊണ്ട്?

14. സൗഖ്യദായക കൂദാശകൾ ഏതെല്ലാം? എന്തുകൊണ്ടാണ് അവയെ സൗഖ്യദായക കൂദാശകൾ എന്ന് വിളിക്കുന്നത്?

15. പൊതുപൗരോഹിത്യം നമ്മെ കടപ്പെടുത്തുന്നത് എന്ത്?

16. വിവാഹമെന്ന കൂദാശയുടെ ലക്ഷ്യങ്ങൾ ഏവ?

17. മാമ്മോദീസാത്തൊട്ടിയെ കല്ലറയുടെ പ്രതീകമായി കണക്കാക്കുന്നത് എന്തുകൊണ്ട്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

18. തൈലാഭിഷേകകൂദാശ, മാമ്മോദീസാവഴി പുനർജന്മം ലഭിച്ച വ്യക്തിയെ ക്രൈസ്തവ പക്വതയിലേക്കു നയിക്കുന്നു. വിശദമാക്കുക.

19. വിവാഹം കൂദാശയാകുന്നത് എങ്ങനെ? വിവാഹത്തിലെ പ്രധാന കർമ്മങ്ങൾ ഏവ?

20. പാപമോചനം പുരോഹിതനിലൂടെ നിർവ്വഹിക്കപ്പെടുന്നത് എങ്ങനെ യെന്ന് വിശദമാക്കുക.

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 1X4=4

21. മൗലിക സുകൃതങ്ങൾ എഴുതുക.

22. അൽമായർക്ക് അനുദിന ദിവ്യകാരുണ്യസ്വീകരണം അനുവദിച്ച മാർപാപ്പ?

23. വചനം പൂർത്തിയാക്കുക. മത്തായി 18:19, “ഭൂമിയിൽ നിങ്ങളിൽ ..........”

24. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യമായ ‘പ്രാർത്ഥനയിൽ വളരാം’ എന്നതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന ‘പ്രകാശരശ്മികൾ’ എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

25. കൂദാശകളിലൂടെ നമ്മെ വിശുദ്ധീകരിക്കുന്നതും രക്ഷയുടെ അനുഭവത്തിലേക്കു നയിക്കുന്നതും കൂദാശകളിൽ സന്നിഹിതനായിരിക്കുന്ന ഈശോ തന്നെയാണ്. കൂദാശകളിലെ ഈശോയുടെ സാന്നിദ്ധ്യത്തെക്കുറിച്ചും ക്രൈസ്തവജീവിതത്തിൽ കൂദാശകളുടെ സ്ഥാനത്തെക്കുറിച്ചും ‘കൂദാശകളും ക്രൈസ്തവജീവിതവും’ എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

26. ഈശോയെ വ്യക്തിപരമായി കണ്ടുമുട്ടാൻ നമുക്ക് കഴിയുന്ന പരമോന്നത സമയമാണ് വി. കുർബാന എന്ന വസ്തുത ഉപപാഠപുസ്തകത്തിലെ ‘വിശുദ്ധ കുർബാന: വിശ്വാസത്തിന്റെ മഹാരഹസ്യം’ എന്ന പാഠത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

**(അല്ലെങ്കിൽ)**

വി. കുർബാനയിലൂടെയും നവമാധ്യമങ്ങളിലൂടെയും വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറാമെന്നതിന്റെ ആധുനിക സാക്ഷ്യമാണല്ലോ കാർലോ അക്കൂത്തിസ്. നിങ്ങളുടെ സമപ്രായക്കാരനായ ഈ വാഴ്ത്തപ്പെട്ടവൻ എങ്ങനെയെല്ലാം നിങ്ങളെ സ്വാധീനിക്കുന്നുവെന്നും നവമാധ്യമങ്ങളിലൂടെ നിങ്ങൾക്ക് എപ്രകാരം വിശ്വാസത്തിന് സാക്ഷ്യം നൽകാനാകുമെന്നും വിശദമാക്കുക.

| | |
|---|---|
| 27. ഇന്റേണൽ അസസ്സ്മെന്റ്:<br>മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ. | **15** |

## STD IX

### A. ഏതെങ്കിലും പത്ത് ചോദ്യങ്ങൾക്ക് ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും തെരഞ്ഞെടുത്തെഴുതുക.

1) കൃപാവരം (പാഠം 9, പേജ് 72, പാര 3)
2) അഭിഷിക്തൻ (പാഠം 10, പേജ് 80, പാര 2)
3) വി. ആഗസ്തീനോസ് (പാഠം 11, പേജ് 86,Line-8)
4) മുൻപിൽ വയ്ക്കപ്പെട്ടവൻ (പാഠം 12, പേജ് 92, പാര 1)
5) മക്കൾ (പാഠം 13, പേജ് 102, പാര 1)
6) വി. കുർബാന (ഉപപാഠം 06, പേജ് 21, പാര 3)
7) കൂദാശകൾ (പാഠം 9, പേജ് 70, പാര 2)
8) മാർ അപ്രേം (പാഠം 10, പേജ് 78, പാര 3)
9) ഉത്പത്തി പുസ്തകം (പാഠം 11, പേജ് 88, പാര 1)
10) ലേവി (പാഠം 12, പേജ് 91, പാര 2)
11) പരസ്പരവിശ്വസ്തത (പാഠം 13, പേജ് 101, പാര 1)
12) ബെനഡിക്ട് പതിനാറാം പാപ്പ (ഉപപാഠം 09, പേജ് 28, പാര 2)

### B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

13) പാഠം 9, പേജ് 70, പാര 4)
14) പാഠം 11, പേജ് 85, പാര 1)
15) പാഠം 12, പേജ് 92, പാര 2)
16) പാഠം 13, പേജ് 101, പാര 3)
17) പാഠം 10, പേജ് 77-78)

### C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക

18) പാഠം 10, പേജ് 80, പാര 1)
19) പാഠം 13, പേജ് 99-100)
20) പാഠം 11, പേജ് 86, പാര 2)

### D. നമസ്ക്കാരങ്ങൾ/ സത്യദീപം/ ബൈബിൾ / ലോഗോ)

21) മൗലിക സുകൃതങ്ങൾ നമസ്കാരപുസത്കം-23, പേജ് 14)
22) വി. പത്താം പീയൂസ് പാപ്പ (സത്യദീപം, നവംബർ 20, പേജ് 09)
23) മത്തായി 18:19, (വചനദീപം, പേജ് 28, ജനുവരി 19)
24) 'പ്രകാശരശ്മികൾ' (വചനദീപം, പേജ് 10)

### E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക

25) 'കൂദാശകളും ക്രൈസ്തവജീവിതവും'
26) 'വിശുദ്ധ കുർബാന: വിശ്വാസത്തിന്റെ മഹാരഹസ്യം'

(അല്ലെങ്കിൽ)
പൊതുചോദ്യം

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

**18/02/2024** | **STD - IX** | **മാർക്ക് - 50**
**10.30 A.M. - 12.30 P.M.** | | **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10**

| | | |
|---|---|---|
| * ദൈവാരാധന | * സ്വാഭാവികം | * റാസ ക്രമം |
| * പൈന | * അരക്കെട്ട് | * റോമാ 14:12-13 |
| * വിഭജനശുശ്രൂഷ | * അപ്പം മുറിക്കൽ | * അനാഫൊറ |
| * മദ്ബഹാ | * മനുഷ്യജീവിതം | * കൗദാശിക |
| * അനുരഞ്ജന ശുശ്രൂഷ | * റോമാ 13:12-14 | * കെസ്ത്രോമ |

1. ദൈവത്തെ പ്രാപിക്കുമ്പോൾ മാത്രം അർത്ഥവത്തായി തീരുന്നത് എന്ത്?
2. ദൈവാലയത്തിലെ അതിവിശിഷ്ടമായ സ്ഥലം
3. വി. കുർബാനയിൽ സൂചിപ്പിക്കുന്ന യാഥാർത്ഥ്യത്തോടു പ്രകൃതിദത്തമായ ബന്ധമുള്ള അടയാളങ്ങളെ വിളിക്കുന്നതെന്ത്?
4. സീറോ-മലബാർ സഭയിൽ ഏറ്റവും ആഘോഷമായ വി. കുർബാനയുടെ രൂപം ഏത്?
5. പുരോഹിതൻ ധരിക്കുന്ന നീതിയുടെ വസ്ത്രം
6. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ ഉത്ഥിതനായ ഈശോയെ തിരിച്ചറിഞ്ഞത് ഏതു സന്ദർഭത്തിലാണ്?
7. വി. കുർബാനയുടെ കേന്ദ്രഭാഗം
8. കാൽവരിയിൽ പൂർത്തിയാകാനിരുന്ന ബലിയുടെ ........ രൂപമായിരുന്നു അന്ത്യത്താഴത്തിൽ നിറവേറിയത്.
9. വിശുദ്ധ കുർബാനയുടെ പാപമോചക സ്വഭാവം വ്യക്തമാക്കുന്ന കർമ്മം
10. വി. അഗസ്തീനോസിനെ മാനസാന്തരപ്പെടുത്തിയ വചനഭാഗം എഴുതുക.

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5**

11. വി. കുർബാനയിൽ ആഘോഷിക്കുകയും അനുസ്മരിക്കുകയും ചെയ്യുന്ന ദിവ്യരഹസ്യങ്ങൾ?
12. യോഹന്നാൻ 3:16 ഉദ്ധരിക്കുക.
13. ജീവിതത്തിൽ തുടരുന്ന വി. കുർബാന എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
14. കൂദാശ എന്നാൽ എന്ത്?

15. ഈശോ നൽകിയ കല്പന അനുസരിച്ചാണ് വി. കുർബാന അർപ്പിക്കുന്നത്. ആ കല്പന ഏത്?

**C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക** **2X3=6**

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

16. വി. കുർബാനയിലെ ഫലങ്ങൾ?

17. വി. കുർബാനയിൽ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും പ്രാധാന്യം എന്ത്?

18. ലിറ്റർജി എന്നാൽ എന്ത്?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ** **1X4=4**

19. മൂലപാപങ്ങൾക്ക് എതിരായ പുണ്യങ്ങൾ എഴുതുക.

20. വി. കുർബാനയിൽ അൾത്താര പ്രതിനിധീകരിക്കുന്ന രണ്ട് വശങ്ങൾ?

21. തിരുവചനം എഴുതുക. ലൂക്കാ 6:27 “ശത്രുക്കളെ........”

22. 2023–2024 വിശ്വാസപരിശീലനവർഷത്തിന്റെ ‘നന്മയിൽ വളരാം’ എന്ന ലോഗോയിൽ കാണുന്ന ‘കാസ’ എന്തിനെ സൂചിപ്പിക്കുന്നുവെന്ന് വിശദമാക്കുക?

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക** **5X2=10**

(ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ചോദ്യങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉപന്യാസം തയ്യാറാക്കുക.)

23. നമ്മുടെ ജീവിതത്തിൽ ദൈവവചനത്തിനുള്ള പ്രാധാന്യത്തെക്കുറിച്ച് നിങ്ങളുടെ ബോധ്യങ്ങളുടെയും ജീവിതാനുഭവങ്ങളുടെയും വെളിച്ചത്തിൽ എട്ടാം പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

24. ‘അപരനുവേണ്ടി അപ്പമാകാൻ വിശുദ്ധ കുർബാന ഒരു വിശ്വാസിയെ നിരന്തരം ഓർമ്മപ്പെടുത്തുന്നു.’ നിങ്ങളുടെ ജീവിതത്തിൽ വിശുദ്ധ കുർബാന സ്വാധീനം ചെലുത്തുന്നുണ്ടോ? വി. കുർബാന ജീവിക്കാനുള്ള സാധ്യതകൾ ഏതൊക്കെ എന്ന് നിങ്ങളുടെ ജീവിതാനുഭവങ്ങളുടെ വെളിച്ചത്തിൽ വിവരിക്കുക.

25. ഇന്റേണൽ അസസ്സ്മെന്റ്: 15

മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# രണ്ടാം സെമസ്റ്റർ പരീക്ഷ

19/02/2023 | മാർക്ക് - 50
10.30 A.M. - 12.30 P.M. | **STD - IX** | സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

## A. ഏറ്റവും ശരിയായ ഉത്തരം പദപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X5=5

1. ആരാധനാവത്സരത്തിന്റെ കേന്ദ്രം
2. ഈശോ തന്റെ പാപമോചനാധികാരം ആരെയാണ് ഭരമേൽപ്പിച്ചിരിക്കുന്നത്?
3. ദൈവം യോജിപ്പിച്ചതിനെ വേർപെടുത്തുവാൻ മനുഷ്യന് അവകാശമില്ല (മത്താ 19:6). വിവാഹമെന്ന കൂദാശയുടെ ഏത് സ്വഭാവത്തെയാണ് ഈ ബൈബിൾ ഭാഗം സൂചിപ്പിക്കുന്നത്?
4. കാലം ചെയ്ത ബെനഡിക്ട് പതിനാറാമൻ മാർപാപ്പ വി. കുർബാനയെക്കുറിച്ച് എഴുതിയിട്ടുള്ള അപ്പസ്തോലിക പ്രബോധനം ഏത്?
5. ഒരു വ്യക്തിയുടെ ജനനം മുതൽ മരണംവരെ കൃപാവരത്തിന്റെ ശക്തിയാൽ അവനെ/അവളെ പരിപോഷിപ്പിക്കുന്നത് എന്ത്?

**പദപ്പെട്ടി**

| | |
|---|---|
| തിരുസഭയെ | സ്നേഹം |
| പന്തക്കുസ്താതിരുനാൾ | സ്നേഹത്തിന്റെ കൂദാശ |
| കൂദാശകൾ | രക്ഷാകരചരിത്രം |
| ശ്ലീഹന്മാരെ | അവിഭാജ്യത |
| ഉയിർപ്പുതിരുനാൾ | ദൈവം സ്നേഹമാണ് |

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X5=5

6. സൗഖ്യദായക കൂദാശകൾ ഏതെല്ലാം?
7. “------ വിശപ്പും ദാഹവും സഹിക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർക്ക് ------ ലഭിക്കും”.
8. പള്ളിക്കൂദാശാക്കാലം എന്തിനെ അനുസ്മരിക്കുന്നു?
9. സന്യാസത്തിന്റെ പ്രധാനലക്ഷ്യം എന്താണ്?
10. ദൈവവചനം എഴുതുക. “ആരെങ്കിലും എന്നെ........” (മർക്കോസ് 8:34).

## C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക 3X5=15

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയ വിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

11. വിവാഹം എന്ന കൂദാശയുടെ പരമപ്രധാനമായ കർമ്മം ഏതാണ്?
12. ക്രൈസ്തവജീവിതത്തിൽ കൂദാശകൾക്കുള്ള സ്ഥാനമെന്ത്?
13. നമ്മുടെ ജീവിതം ഫലമണിയുവാനും, നമ്മുടെ ദൈവവിളി പരിപോഷിപ്പിക്കുവാനും എന്തൊക്കെ ചെയ്യണം?
14. പാപംവഴി ഏതെല്ലാം തലത്തിലുള്ള ബന്ധങ്ങളാണ് തകരുന്നത്? എപ്രകാരമാണ് ഈ ബന്ധങ്ങൾ പുനഃസ്ഥാപിക്കപ്പെടുന്നത്?
15. 'കർത്താവേ, ആശീർവ്വദിക്കണമേ. എന്റെ സഹോദരരേ, ഈ കുർബാന എന്റെ കരങ്ങൾവഴി പൂർത്തിയാകുവാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ'. വി. കുർബാനയിൽ പുരോഹിതന്റെ പ്രാർത്ഥനാസഹായാഭ്യർത്ഥനയ്ക്ക് സമൂഹം മറുപടിയായി പറയുന്നത് എന്ത്?

## D. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

16. സഭയിൽ സജീവ അംഗമായി മിശിഹായോടൊത്ത് ജീവിക്കാൻ ആവശ്യമായ കൃപാവരം തൈലാഭിഷേക കൂദാശയിലൂടെ ലഭിക്കുന്നുണ്ടല്ലോ (പാഠം10). ഈ കൂദാശയിലൂടെ പരിശുദ്ധാത്മാവു കൊണ്ട് നിറഞ്ഞ ക്രൈസ്തവർ സഭയിലും സമൂഹത്തിലും എപ്രകാരമാണ് പെരുമാറേണ്ടത്? പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും അടിസ്ഥാനമാക്കി ക്രിസ്തീയ ജീവിതശൈലിയെക്കുറിച്ച് ഒരു ലേഖനം എഴുതുക.
17. 'ക്രിസ്തു ഇന്നും ജീവിക്കുന്നു' എന്നാണല്ലോ നാം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്. വി. കുർബാനയിൽ ക്രിസ്തു ഇന്നും ജീവിക്കുന്നു എന്നതിന് എന്തൊക്കെ തെളിവുകളാണ് മറ്റുള്ളവരുടെ മുന്നിൽ നിങ്ങൾക്ക് ചൂണ്ടിക്കാണിക്കുവാൻ സാധിക്കുന്നത്? നിങ്ങൾക്ക് ലഭിച്ചിട്ടുള്ള ബോധ്യങ്ങളുടെയും അനുഭവങ്ങളുടെയും വെളിച്ചത്തിൽ ഒരു ലേഖനം തയ്യാറാക്കുക.

18. ഇന്റേണൽ അസസ്സ്മെന്റ്: 15
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 10 മാർക്കിൽ.